'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ആലപ്പുഴ ജില്ല - ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് മുൻ യുഡി. ക്ലാർക്കായിരുന്ന ശ്രീ. മണിക്കുട്ടനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1433/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 10/07/2019

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 16.10.2015-ലെ സി4(വിസി2/13/എസ്.ഐ.യു.1)7412/2013 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 21.11.2015-ലെ 12730/ഡി3/2015/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 15.03.2016-ലെ 26/ഇപിബി2/2016/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. മണിക്കുട്ടൻ സമർപ്പിച്ച 06.06.2016-ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 07.06.2017-ലെ ഡി8-30196/2013 നമ്പർ കത്ത്

<u>**ഉത്തരവ്**</u>

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ സുനാമി പ്രത്യേക പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ഫണ്ട് അനുവദിക്കുകയും ചെയ്തതിലെ ക്രമക്കേടുകൾ കാരണം ശ്രീ. രാജേഷ്, ശ്രീ. സുരേഷ് എന്നിവർക്ക് ഓരോ ലക്ഷം രൂപ വീതം അവിഹിത സാമ്പത്തിക നേട്ടം ഉണ്ടായിട്ടുണ്ടെന്നും, പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് തീരുമാനമെടുത്ത ഗ്രാമസഭാ യോഗത്തിന്റെ മിനുട്ട്സ് സൂക്ഷ്മതയോടെ പരിശോധിക്കുന്നതിലും ഫണ്ട് വിതരണം ചെയ്യുന്നതിന് മുമ്പ് ക്രമക്കേടുകൾ വെളിച്ചത്തു കൊണ്ടുവരുന്നതിലും ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് മുൻ യു. ഡി. ക്ലർക്കായിരുന്ന ശ്രീ. മണിക്കുട്ടന്റെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുണ്ടെന്നും പരാമർ ശം ( 1 ) പ്രകാരം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വീഴ്ചകൾക്കുത്തരവാദിയായ യു.ഡി. ക്ലാർക്ക് ശ്രീ. മണിക്കുട്ടനെതിരെ പരാമർശം (3) പ്രകാരം കുറ്റപത്രം നല്കി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. മണിക്കുട്ടൻ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

പ്രസ്തുത പദ്ധതി നിർവ്വഹണ കാലയളവിൽ ശ്രീ. മണിക്കുട്ടൻ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റായി ജോലി നോക്കുകയായിരുന്നുവെന്നും അതിൻപ്രകാരമുള്ള ചുമതലകളാണ് ടിയാനുണ്ടായിരുന്നതെന്നും ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടോ മിനിട്ട്സ് ബുക്ക് പരിശോധിക്കുന്നതുമായി ബന്ധപ്പെട്ടോ ടിയാന് ചുമതലകളൊന്നും ഉണ്ടായിരുന്നില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. മണിക്കുട്ടനെതിരായ ആരോപണങ്ങൾ തെളിയിക്കപ്പെട്ടതായി കാണുന്നില്ല എന്നതിനാലും ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടവ പഞ്ചായത്തു സെക്രട്ടറിയുടെ മേൽ നോട്ടത്തിൽ ചെയ്യുന്ന പ്രവർത്തികളാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വി.സി.2/13/എസ്.ഐ.യു. 1 ആയി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും തുടർന്ന് സി.സി. 733/2015 നമ്പർ ആയി 19.12.2018-ൽ ഹരിപ്പാട് ബഹു. ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ശ്രീ. മണിക്കുട്ടനെതിരെ പരാമർശമില്ലാത്ത സാഹചര്യത്തിൽ ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് മുൻ യു. ഡി. ക്ലർക്കായിരുന്ന ശ്രീ. മണിക്കുട്ടനെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീ. മണിക്കുട്ടൻ, മുൻ യു.ഡി. ക്ലാർക്ക്, ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിജിലൻസ് (ഡി) വകുപ്പ്

(04.06.2019-ലെ യു.ഒ.റിമാർക്ക് നം. ഡി3/206/2017-വിജി. പ്രകാരം)

8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/26/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Sudheer. SS

സെക്ഷൻ ഓഫീസർ